**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - എറണാകുളം ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ എൽ.ഡി ക്ലാർക്കായ ശ്രീ. ഷൈജു. എം.ജെ-യുടെ മാതാവിന്റെ ക്യാൻസർ സംബന്ധമായ ചികിൽസയ്ക്ക് കൊച്ചിയിലെ ലെയ്ക്ക് ഷോർ ആശുപത്രിയിൽ ചികിത്സ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ. (സാധാ) നം.**849/2017**/തസ്വഭവ . തീയതി, തിരുവനന്തപുരം, 24/03/2017.

---

പരാമർശം :

1) 11/07/12 ലെ 26423/G2/12/H&FWD നമ്പർ സർക്കുലർ.

2) ശ്രീ. ഷൈജുവിന്റെ 25.06.2013-ലെ അപേക്ഷ.

3) ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 20.02.2014-ലെ 7-ാം നമ്പർ തീരുമാനം.

4) കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 07.01.2014-ലെ 9-ാം നമ്പർ തീരുമാനം.

5) പഞ്ചായത്ത് ഡയറക്ടറുടെ 27.04.2016, 19/11/2016 എന്നീ തീയതികളിലെ എഫ്-2-36719/2013 നമ്പർ കത്ത്.

6) ആരോഗ്യവകുപ്പ് ഡയറക്ടറുടെ 28.03.2016 ലെ MR5-82089/2016/DHS നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ എൽ.ഡി ക്ലാർക്കായ ശ്രീ. ഷൈജു. എം.ജെ-യുടെ മാതാവിന്റെ ക്യാൻസർ സംബന്ധമായ ചികിൽസയ്ക്ക് കൊച്ചിയിലെ ലെയ്ക്ക് ഷോർ ആശുപത്രിയിൽ ചികിത്സ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (5) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിരുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ പരാമർശം (6) ലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് നേരിട്ട ചികിൽസാ ചെലവിൽ 1,09,676/- രൂപ അനുവദനീയമാണെന്നും പ്രസ്തുത തുകയുടെ 80% ആയ 87,740/- രൂപ (എൺപത്തിയേഴായിരത്തി എഴുന്നൂറ്റി നാല്പത് രൂപാ മാത്രം) അപേക്ഷകന് മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. തുകയിൽ 25.01.2013 മുതൽ 31.01.2013 വരെ ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കാമെന്നും, 01.02.2013 മുതൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കാമെന്നും പരാമർശം (3) ഉം (4) ഉം പ്രകാരം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് പ്രസ്തുത ചികിൽസയുമായി ബന്ധപ്പെട്ട മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത, എന്നിവ ഉറപ്പുവരുത്തി എറണാകുളം ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ എൽ.ഡി ക്ലാർക്കായ ശ്രീ. ഷൈജു. എം.ജെ-യുടെ മാതാവിന്റെ ക്യാൻസർ സംബന്ധമായ ചികിൽസയ്ക്ക് കൊച്ചിയിലെ ലെയ്ക്ക് ഷോർ ആശുപത്രിയിൽ ചികിത്സ നടത്തിയ ഇനത്തിൽ നേരിട്ട ചെലവിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയമാണെന്ന് സാക്ഷ്യപ്പെടുത്തിയ 1,09,676/- രൂപ അനുവദനീയമാണെന്നും പ്രസ്തുത തുകയുടെ 80% ആയ 87,740/- രൂപയിൽ (എൺപത്തിയേഴായിരത്തി എഴുന്നൂറ്റി നാല്പത് രൂപാ മാത്രം) 08.01.2013 മുതൽ 24.01.2013 വരെ എറണാകുളം ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ ചെലവായ തുക സർക്കാരിന്റെ സഞ്ചിത നിധിയിൽ നിന്നും 25.01.2013 മുതൽ 31.01.2013 വരെയുള്ള കാലയളവിൽ ചെലവായ തുക ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും, 01.02.2013 മുതൽ ചെലവായ തുക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും ഓരോ കാലയളവിലേയും തുക പ്രത്യേകമായി കണക്കാക്കി അതാത് ഫണ്ടിൽ നിന്നും മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**
**ഗവ. ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ് എ) കേരള.
സെക്രട്ടറി, ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത്, ചോറ്റാനിക്കര പി.ഒ, എറണാകുളം - 682 312.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ്, ചെറുന്നിയൂർ ടവേഴ്സ്, ഒന്നാം നില, വഞ്ചിയൂർ. പി.ഒ, തിരുവനന്തപുരം - 35.
ശ്രീ. ഷൈജു. എം.ജെ, എൽ.ഡി ക്ലാർക്ക്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, എറണാകുളം (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
ധനകാര്യ വകുപ്പ് (UO No. 25467/L3/2016/FIN)
ആരോഗ്യകുടുംബക്ഷേമ വകുപ്പ് 27/02/2015 ലെ(ക്ര.ന.നം.32710 /G2/14/H&WFD പ്രകാരം)
ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (No.1351C/FM3/14/LSGD)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ